60 (1792) കർഷകരെ കുടിയൊഴിപ്പിക്കാൻ നടപടി

ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനത്തിനുള്ളിൽ പോക്കറ്റുകളിലായി താമസിക്കുന്ന കർഷകരെ കുടിയൊഴിപ്പിക്കുന്നതിന് നടപടികൾ കൈക്കൊള്ളുമോ;

(ബി) ഇങ്ങനെ കുടിയൊഴിപ്പിക്കപ്പെടുന്ന കർഷകർക്ക് പകരം ഭൂമിയും കുഴിക്കൂർ ദേഹണ്ഡത്തിന്റെ പ്രതിഫലവും വീട് വയ്ക്കുന്നതിന് ധനസഹായവും നൽകാൻ വേണ്ട നടപടികൾ കൈക്കൊള്ളുമോ;

(സി) ഇക്കാര്യത്തിൽ കൈക്കൊണ്ടിട്ടുള്ള നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) വനത്തിനകത്ത് താമസിക്കുന്ന വന്യമൃഗങ്ങളുടെ ഉപദ്രവം നേരിടുന്നവർ പുനരധിവാസത്തിന് സന്നദ്ധരാവുകയും മേൽപ്പടി കാര്യത്തിന് അപേക്ഷിക്കുകയും ചെയ്താൽ പ്രസ്തുത അപേക്ഷകളിന്മേൽ സത്വര നടപടികൾ കൈക്കൊള്ളുന്നതാണ്.

(ബി) സാധാരണയായി വനത്തിൽ താമസിക്കുന്നവർ കുടിയൊഴിപ്പിക്കപ്പെടുന്നതിന് സന്നദ്ധത പ്രകടിപ്പിക്കുമ്പോൾ മാറ്റി പാർപ്പിക്കപ്പെടുന്നതിന് വേണ്ടതായ ഭൂമിയും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ഭാരത സർക്കാർ അംഗീകരിച്ച ലംപ്സം ഗ്രാന്റും ഉൾപ്പെടുത്തി പദ്ധതി തയ്യാറാക്കാറുണ്ട്.

(സി) കുടിയൊഴിപ്പിക്കലിന് സന്നദ്ധത പ്രകടിപ്പിച്ച കൊടങ്കര, കുണ്ടുചിറ, വെള്ളക്കോട്, പുത്തൂർ, പിലക്കാവ്, അരക്കുണ്ണി, തേക്കുറവയൽ കുമ്പ്രം കൊല്ലി എന്നീ 8 കോളനികളിലുള്ള 128 കുടുംബങ്ങളെ അരിവയൽ വനപ്രദേശത്ത് പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതി സർക്കാർ പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

61 (1793) വനംവകുപ്പിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ

ശ്രീ. എം.വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിൽ ലാസ്റ്റ് ഗ്രേഡ് സർവന്റ്, ലൈറ്റ് ഡ്യൂട്ടി വെഹിക്കിൾ/ഹെവി ഡ്യൂട്ടി വെഹിക്കിൾ ഡ്രൈവർ എന്നീ തസ്തികകളിൽ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് ജില്ലതിരിച്ച് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(സി) ഈ തസ്തികകളിൽ പി.എസ്.സി.ക്ക് റാങ്ക് ലിസ്റ്റ് നിലവിലുള്ളതായി അറിയുമോ;

(ഡി) എങ്കിൽ ഓരോ തസ്തികയിലും റാങ്ക് ലിസ്റ്റുകളിൽ നിന്നും എത്രപേർക്ക് നിയമനം നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഇ) പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുള്ളപ്പോഴും ഏതെങ്കിലും തസ്തികയിൽ ദിവസവേതന അടിസ്ഥാനത്തിൽ ആരെങ്കിലും ജോലിചെയ്യുന്നതായി അറിയുമോ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്)എങ്കിൽ അവരെ ഒഴിവാക്കി തസ്തികകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വനം വകുപ്പിലെ ലാസ്റ്റ് ഗ്രേഡ് സർവെന്റ്, ലൈറ്റ് ഡ്യൂട്ടി വെഹിക്കിൾ/ഹെവി ഡ്യൂട്ടി വെഹിക്കിൾ, ഡ്രൈവർ എന്നീ തസ്തികകളിൽ കണ്ണൂർ, കാസർഗോഡ്, വയനാട്, ആലപ്പുഴ എന്നീ ജില്ലകളിൽ ഒഴിവുകൾ നിലവിലില്ല. ശേഷിക്കുന്ന ജില്ലകളിലെ വിവരം ചുവടെ ചേർക്കുന്നു.

ജില്ല	ലാസ്റ്റ് ഗ്രേഡ് സർവെന്റ്	ലൈറ്റ് ഡ്യൂട്ടി/ഹെവി ഡ്യൂട്ടി വെഹിക്കിൾ ഡ്രൈവർ
തിരുവനന്തപുരം	16	3
കൊല്ലം	13	2
കോട്ടയം	4	2
എറണാകുളം	-	7
പത്തനംതിട്ട	2	5
പാലക്കാട്	18	3
മലപ്പുറം	3	2
ഇടുക്കി	1	-
തൃശ്ശൂർ	2	2
കോഴിക്കോട്	-	2
	59	28

(ബി) ലാസ്റ്റ് ഗ്രേഡ് സർവന്റിന്റെ 59 ഒഴിവുകളിൽ രണ്ടെണ്ണം വികലാംഗർക്ക് നിയമനം നൽകുന്നതിനായി സംവരണം ചെയ്ത്, മലപ്പുറം ജില്ലാ കളക്ടർക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. രണ്ട് ഒഴിവുകൾ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം നൽകുന്നതിനായി സംവരണം ചെയ്തിരിക്കുന്നു. ശേഷിക്കുന്ന ഒഴിവുകളിൽ ആറെണ്ണം ഒഴികെ ബാക്കിയുള്ള ഒഴിവുകൾ എല്ലാം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടി. ആറു ഒഴിവുകളും പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഡ്രൈവർമാരുടെ ഒഴിവുകളിൽ രണ്ടെണ്ണം തസ്തിക മാറ്റംവഴി നിയമനം നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. പത്ത് ഒഴിവുകൾ വാഹനമില്ലാത്തതിനാൽ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല. ഹൈക്കോടതി സ്റ്റേ നിലവിലുള്ളതിനാൽ മൂന്നാർ ഡിവിഷനിലെ ഒരു ഒഴിവുനികത്താൻ സാധിച്ചിട്ടില്ല. ശേഷിക്കുന്ന ഒഴിവുകളിൽ രണ്ടെണ്ണം ഒഴികെ ബാക്കി എല്ലാം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. രണ്ടെണ്ണം പി.എസ്.സി.ക്ക് ഉടൻ റിപ്പോർട്ട് ചെയ്യുന്നതാണ്.

(സി) ചില ജില്ലകളിൽ റാങ്ക്‌ലിസ്റ്റ് നിലവിലുള്ളതായി അറിയാം.

(ഡി)&(ഇ) വിവരം ശേഖരിച്ചുവരുന്നു.

(എഫ്)സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly